# ഇടവക മിഷൻ -ബൈബിൾ ക്വിസ്സ്

## വിശുദ്ധ മർക്കോസ് എഴുതിയ സുവിശേഷം

**നിർദേശങ്ങൾ**

(i) മലയാളം **പഴയ പതിപ്പിൽ** നിന്നുള്ള പദങ്ങൾ ഉപയോഗിക്കുക

(ii) ഉത്തരങ്ങൾ **വി. മത്തായിയുടെ** സുവിശേഷത്തെ **മാത്രം** ആസ്പദമാക്കി എഴുതുക

(iii) ഉത്തരങ്ങൾ ലെറ്റർ സൈസ് പേപ്പറിൽ എഴുതുകയോ ടൈപ്പ് ചെയ്യുകയോ ആകാം. അതിൽ നിങ്ങളുടെ പൂർണമായ **പേരും ടെലിഫോൺ നമ്പറും** ഉണ്ടായിരിക്കണം

(iv) ഉത്തരങ്ങൾ **2019, മെയ് 26**നോ അതിനു മുൻപായോ വികാരി സുനിൽ മാത്യു അച്ചന്റെ പക്കലോ സെക്രട്ടറി അലക്സാണ്ടർ ഫിലിപ്പിന്റെ പക്കലോ ഏല്പിക്കാവുന്നതാണ്. അല്ലെങ്കിൽ edavakamissionsecretary@marthoma.ca എന്ന ഇമെയിൽ അഡ്രസ്സിൽ അയക്കുക

(v) ദ കനേഡിയൻ മാർ തോമ ചർച്ചിലെ (ചോദ്യ കർത്താവിന്റെ കുടുംബാങ്ങങ്ങളൊഴികെയുള്ള ) എല്ലാ അംഗങ്ങൾക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്

(vi) അന്തിമ തീരുമാനം **വികാരി അച്ചൻറെ** അഭിപ്രായമാനുസരിച്ചായിരിക്കും

1) യോഹന്നാൻ സ്നാപകനെപ്പറ്റി പറയാൻ ഏതു പ്രവാചകനെയാണ് മർക്കോസ് ഉദ്ധരിക്കുന്നത്?

2) ഏറ്റവും യോജിച്ചത് തിരഞ്ഞെടു ത്തു പൂരിപ്പിക്കുക. യോഹന്നാൻ സ്നാപകന്റെ അടുത്ത് __________________ഒക്കെയും ____________________ എല്ലാവരും വന്നു പാപങ്ങളെ ഏറ്റു പറഞ്ഞു.

A. യഹൂദാ, ബേത്ത് ലഹേം B. യഹൂദാ,, യെരുശലേം

C. യെരുശലേം, ഗലീലാ D. യെരുശലേം, എഫ്രയീം

3)ഏറ്റവും യോജിച്ചത് തിരഞ്ഞെടുക്കുക. യോഹന്നാൻ സ്നാപകനെക്കുറിച്ചു ശരിയല്ലാത്തതേത്?

A. ഒട്ടക രോമം കൊണ്ടുള്ള ഉടുപ്പും, തോലിന്റെ ചെരുപ്പും

B. വെട്ടുക്കിളിയും കാറ്റ് തേനും കൊണ്ടുപജീവിച്ചു

C. ജലം കൊണ്ട് സ്നാനം കഴിപ്പിച്ചു

D. പാപ മോചനത്തിനായുള്ള മാനസാന്തരം സ്നാനം പ്രസംഗിച്ചു

4) മരുഭൂമിയിൽ സാത്താനാൽ പരീക്ഷിക്കപ്പെടുമ്പോൾ, യേശുവിനെ ശുശ്രൂഷിച്ചു പോന്നതാര്?

5) അവർ വല വിട്ടു അവനെ അനുഗമിച്ചു. ആര്?

6) കഫർന്നഹൂമിലെ സിനഗോഗ് പല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്നതിൽനിന്നും സിനഗോഗിൽ സംഭവിച്ചവ തിരഞ്ഞെടുക്കുക

A. യഹൂദന്മാർ യേശുവിനെ കല്ലെറിയാൻ ഭാവിച്ചു

B. അധികാരത്തോടെയുള്ള യേശുവിന്റെ ഉപദേശങ്ങൾക്കു സാക്ഷ്യം വഹിച്ചു

C. വരണ്ട കയ്യുള്ള ഒരു മനുഷ്യനെ യേശു സൗഖ്യമാക്കി

D. യേശു യശയ്യാവിന്റെ പുസ്തകത്തിൽനിന്നും സ്വന്തം ദൗത്യത്തെപ്പറ്റി വായിച്ചു

E. യേശുക്രിസ്തുവിനു കൂടുതൽ വീര്യ പ്രവൃത്തിക ചെയ്യാൻ സാധിക്കാതെ പോയി

7) മർക്കോസിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ അടയാളമേത്?

8) ഗലീലയിൽ വച്ച് ഒരവസരത്തിൽ യേശുക്രിസ്തുവിനു പരസ്യമായി പട്ടണത്തിൽ കടപ്പാൻ കഴിയാഞ്ഞത് എന്തുകൊണ്ട്?

9) നാലാൾ ചുമന്നു കൊണ്ട് വന്ന പക്ഷവാതക്കാരനെ ഇറക്കിവച്ച അവസരത്തിൽ, ശാസ്ത്രിമാർ ഹൃദയത്തിൽ ചിന്തിച്ചുകൊണ്ടിരുന്നതെന്താണ്?

10) യേശുവിന്റെ അഭിപ്രായത്തിൽ, അവന്റെ സഹോദരനും സഹോദരിയും അമ്മയും ആരാണ്?

11) "വിതയ്ക്കുന്നവൻ വിതയ്ക്കാൻ പുറപ്പെട്ടു" എന്നുള്ള ഉപമയിൽ പറവകൾ എന്തിനോട് സമമാണ്?

12) ദൈവ രാജ്യത്തിന് ചെറിയ തുടക്കമാണെങ്കിലും, അത് പിന്നീട് ബൃഹത്തായ പദ്ധതിയാകുമെന്നു ഏതു ഉപമയുടെ നമുക്ക് മനസ്സിലാകും (സൂചന/ reference മാത്രം).

13) താഴെ പറയുന്നതിൽ ശരിയായതെല്ലാം തിരഞ്ഞെടുക്കുക. ലേവി ചുങ്ക സ്ഥലത്തു ഇരിക്കുന്നത് യേശു കണ്ടു. മാർക്കോസിന്റെ സുവിശേഷത്തിൽ നിന്നും ലേവിയെപ്പറ്റി വായിക്കുന്നത്;

A. ലേവി ഒരു ചുങ്കക്കാരനായിരുന്നു

B. ലേവി അൽഫായിയുടെ മകനാണ്

C. യേശു ലേവി യെ മത്തായി എന്ന് പേരിട്ടു

D. ലേവി യേശുവിനെ അനുഗമിക്കാൻ അനുമതി ചോദിച്ചു

E. യേശു ലേവി യോടൊപ്പം ഭക്ഷണം കഴിച്ചു

F. യേശു ലേവി യോട് തന്നെ അനുഗമിക്കാൻ ആവശ്യപ്പെട്ടു

14) യേശു പന്ത്രണ്ടു ശിഷ്യന്മാരെ തിരഞ്ഞെടുത്തത് എന്തിനു? (ശരിയായതെല്ലാം തെരഞ്ഞെടുക്കുക)

A. പ്രസംഗിക്കേണ്ടതിനു അയക്കാൻ

B. തന്നോട് കൂടെ ഇരിക്കാൻ

C. രോഗികളെ സൗഖ്യമാക്കാൻ

D. ഭൂതങ്ങളെ പുറത്താക്കാൻ

E. വിശക്കുന്നവർക്ക് ഭക്ഷണം നൽകാൻ

15) ഒരിക്കൽ ഗലീല കടൽക്കരയിൽ വച്ച് പ്രസംഗിക്കേണ്ടതിനു യേശു പടകു ഉപയോഗിച്ചു, കാരണം;

A. ബാധകൾ ഉള്ളവർ അവനെ തൊടേണ്ടതിനു തിക്കി തിരക്കി വന്നതുകൊണ്ട്

B. വന്നു കൂടിയവരിലുള്ള ജാതികളായ ജനങ്ങൾ യേശുവിനെ തൊടാതെയിരിക്കാൻ

C. പുരുഷാരം യേശുവിനെ ഞെരുക്കാതെയിരിക്കാൻ

D. ഉയരത്തിൽ നിന്നാൽ കടൽക്കരയിൽ ഉള്ള എല്ലാവരെയും കാണാമെന്നുള്ളതുകൊണ്ടു

16) യേശു ആരെയാണ് തന്നെ അനുഗമിക്കുന്നതിൽ നിന്നും വിലക്കിയത്?

17) യായിറോസ് ആരാണ്? മർക്കോസ് അവനെപ്പറ്റി പ്രതിപാദിക്കാൻ കാരണമെന്ത്?

18) ഈരണ്ടീരണ്ടായി അയച്ചപ്പോൾ, ശിഷ്യന്മാർക്കു എന്തൊക്കെ പ്രവർത്തിക്കാൻ സാധിച്ചു?

19) ഹെരോദാ രാജാവിന്റെ അഭിപ്രായത്തിൽ യേശു ആരായിരുന്നു?

20) യേശു കടലിന്മേൽ നടന്ന സംഭവത്തിന് ശേഷം, പടകു ചെന്നടുത്തത് ഏതു ദേശത്താണ്?

21) യഹൂദന്മാർ ശരീര ശുദ്ധിക്ക് വളരെ പ്രാധാന്യം കൊടുത്തിരുന്നു എന്ന് മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് എങ്ങനെ മനസ്സിലാക്കാം?

22) മനുഷ്യനിൽ നിന്ന് പുറപ്പെടുന്നതാണ് അവനെ അശുദ്ധനാക്കുന്നതു എന്ന് യേശു പറഞ്ഞു. എന്തൊക്കെയാണത്?

23) നാലായിരം പേര് തിന്നു തൃപ്തരായ ശേഷം കഷണങ്ങൾ ഏഴു വറ്റി നിറച്ചെടുത്തു. എന്നാൽ അതിനു ശേഷം അവരുടെ ബോട്ടിൽ എത്ര അപ്പവും മീനും ഉണ്ടായിരുന്നു?

24) ശിഷ്യന്മാരിൽ ആരാണ് ആദ്യം യേശു മിശിഹാ ആണെന്ന് പ്രഖ്യാപിച്ചത്?

25) ഏതൊക്കെ ഭാഗങ്ങളിലാണ് ഉയരത്തിൽ നിന്നുള്ള ശബ്ദം യേശുവിനെ അവനെന്റെ പ്രിയ പുത്രൻ എന്ന് ഉറപ്പിക്കുന്നത്? (സൂചിക/ റഫറൻസ് മാത്രം)

26) മോശയെയും ഏലീയാവിനെയും കണ്ടു മുട്ടിയ മലയിൽ വച്ച്, യേശുവിന്റെ വസ്ത്രം എപ്രകാരം രൂപാന്തരപ്പെട്ടു എന്നാണു വിവരിക്കുന്നത്?

27) യേശു പറഞ്ഞ ഏതു വാക്കുകളാണ് ശിഷ്യന്മാർ ഗ്രഹിക്കാഞ്ഞതും ചോദിക്കാൻ ഭയപ്പെട്ടതും?

28) നമുക്ക് പ്രതികൂലമല്ലാത്തവൻ നമുക്ക് അനുകൂലമല്ലോ എന്ന് യേശു പറഞ്ഞത് ഏതു അവസരത്തിലാണ്?

29) "യേശു അവനെ നോക്കി, അവനെ സ്നേഹിച്ചു". ആരെ?

30) ശേഷം പത്തു ശിഷ്യന്മാർ യാക്കോബിനോടും യോഹന്നാനോടും നീരസപ്പെടാൻ എന്താണ് കാരണം?

31) യേശുവിന്റെ കഴുതപ്പുറത്തുള്ള യെരുശലേം യാത്ര എവിടെ തുടങ്ങി എവിടെ അവസാനിച്ചു?

32) നാം പ്രാർത്ഥിക്കാൻ നിൽക്കുമ്പോൾ ആദ്യം എന്ത് ചെയ്യണമെന്നാണ് യേശുക്രിസ്തു ആവശ്യപ്പെടുന്നത്?

33) ശരിയായത് തെരഞ്ഞെടുത്തു പൂരിപ്പിക്കുക: പുനരുദ്ധാനം ഇല്ല എന്ന് _____________ അവകാശപ്പെടുന്നു.

A. പരീശന്മാർ B. ശാസ്ത്രികൾ C. സദൂക്യർ D. മഹാ പുരോഹിതൻ

34) ശാസ്ത്രിമാരെപ്പറ്റി മാർക്കോസിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ താഴെ പറയുന്നവയിൽ ഏതൊക്കെ?

A. അവർ പുനരുദ്ധാനം ഉണ്ട് എന്ന് വിശ്വസിക്കുന്നു.

B. മിശിഹാ ദാവീദിന്റെ പുത്രനാണെന്ന് അവർ പറയുന്നു

C. അവർ വെളുത്ത അങ്കി ധരിക്കുന്നു

D. അവർ പള്ളിയിൽ മുഖ്യാസനവും അത്താഴത്തിൽ പ്രധാന സ്ഥലവും ഇച്ഛിക്കുന്നു

E. അവർ വിധവമാരെ സന്ദർശിച്ചു വാങ്ങിപ്പോയ ഭർത്താക്കന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുന്നു

35) ദരിദ്രയായ വിധവ എത്ര പണമാണ് ഭണ്ടാരത്തിൽ നിക്ഷേപിച്ചത് ?

36) ഏതൊക്കെ ശിഷ്യന്മാരാണ് രഹസ്യമായി യേശുവിനോടു ദേവാലയത്തിന്റെ നാശത്തെപ്പറ്റി ചോദിച്ചത്?

37) ഏതു വാക്യത്തിലാണ് യേശു പരിശുദ്ധാത്മാവിനെപ്പറ്റി പ്രതിപാദിക്കുന്നത്?

38) "അപ്പോൾ മനുഷ്യ പുത്രൻ വലിയ ശക്തിയോടും തേജസ്സോടും കൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും" അതിനു മുൻപ് സംഭവിക്കുന്ന നാല് സംഗതികൾ എഴുതുക.

39) ശിമോന്റെ വീട്ടിൽ ഒരു സ്ത്രീ കൊണ്ടുവന്ന സ്വച്ഛ ജടാമാംസി തൈലത്തിനു അവിടെ നിന്നവർ മതിച്ച വില എത്ര?

40) പെസഹാ കുഞ്ഞാടിനെ അറക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം നാളിൽ പെസഹാ ഒരുക്കാനുള്ള ശാല അന്വേഷിച്ചു പോകുന്ന ശിഷ്യന്മാരോടൊപ്പം നിങ്ങളും പോയാൽ ആരായിരിക്കും നിങ്ങള്ക്ക് എതിർപ്പെട്ടു വരുന്നത്?

41) യേശു അവനോടു കൂടെ ഗത്ത് ശെമന തോട്ടത്തിൽ ഉണ്ടായിരുന്ന ശിഷ്യന്മാരോട് എത്ര നേരം ഉണർന്നിരിക്കാനാണ് ആവശ്യപ്പെട്ടത്?

42) മഹാപുരോഹിതന്റെ ദാസന്റെ കാത്തു അറുത്തതാര്?

43) കുറേനക്കാരനായ ശീമോന്റെ മക്കൾ ആരൊക്കെയാണ്?

44) ബറബ്ബാസ് ആരായിരുന്നു?

45) യേശുവിനെ ബന്ധിച്ചു മഹപുരോഹിതന്റെ സ്ഥലത്തേക്ക് കൊണ്ട് പോയപ്പോൾ അവന്റെ കൂട്ടത്തിൽ നിന്ന് ആരൊക്കെയാണ് അവനെ അനുഗമിച്ചതു?

| | |
|---|---|
| A. പത്രോസും യോഹന്നാനും | B. പത്രോസും യേശുവിന്റെ 'അമ്മ മറിയയും |
| C. ആരും അനുഗമിച്ചില്ല | D. പത്രോസും ഒരു ബാല്യക്കാരനും |

46. ബറബ്ബാസിനെ വിട്ടു കൊടുപ്പാനും യേശുവിനെ ക്രൂശിക്കാനും ചോദിപ്പാൻ പുരുഷാരത്തെ ഉത്സാഹിപ്പിച്ചതാര്?

47. എത്രാം മണി നേരത്താണ് യേശു ക്രൂശിക്കപ്പെട്ടതു?

48. മർക്കോസിന്റെ സുവിശേഷം അനുസരിച്ചു ക്രൂശിൽ കിടന്ന യേശു സംസാരിച്ച വാക്കുകൾ എന്തൊക്കെയായിരുന്നു?

49. "ഈ മനുഷ്യൻ ദൈവപുത്രന് ആയിരുന്നു സത്യം" എന്ന് പറഞ്ഞതാര്?

50. സുഗന്ധ വർഗങ്ങളുമായി യേശുവിന്റെ കല്ലറക്കൽ പോയ മൂന്നു സ്ത്രീകളെപ്പറ്റി മർക്കോസ് പറയുന്നുണ്ട്. അവർ ആരൊക്കെയാണ്?

51. ബ്രാക്കെറ്റിൽ നിന്ന് ശരിയായ സ്ഥലപ്പേരെടുത്തു പൂരിപ്പിക്കുക

( യവന ദേശം, ഗലീല, യെരീഹോ , ബെഥാന്യ, ഗദര ദേശം, ബത്ത് സയിദ )

1) ______________________________ ലഗ്യോൻ അശുദ്ധാത്മാവ്

2) ______________________________മകൾക്കു വേണ്ടി വാദിക്കുന്ന കനാന്യ സ്ത്രീ

3)______________________________മനുഷ്യർ മരങ്ങളെപ്പോലെ നടക്കുന്നു

4) ______________________________ബർത്തിമായി

5) ______________________________കുഷ്ഠരോഗിയായ ശീമോൻ

6) ______________________________ ഉയിർത്തെഴുന്നേറ്റത്തിന് ശേഷം യേശു ശിഷ്യന്മാരെ കാണുന്നു

52) ചേരും പടി ചേർക്കുക:

| A | B |
|---|---|
| ഏലി | വഴിപാടു |
| തബീഥ കൂമി | ഇടിമക്കൾ |
| ബോവനെർ ഗെസ് | എന്റെ ദൈവമേ |
| കൊ ർബ്ബാൻ | തുറന്നു വരിക |
| എഫഥാ | ബാലെ എഴുന്നേൽക്കാ |